നം. ഇ.എക്സ്/സിജനറൽ(1)/ 65001/2013/ സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം – 12
തീയതി : 12.11.2013

# സർക്കുലർ

**Sub:- എസ്.എസ്.എൽ.സി പരീക്ഷ 03/14 'സമ്പൂർണ്ണ' വഴി ശേഖരിച്ച് പരീക്ഷാർത്ഥികളുടെ ലിസ്റ്റിലെ തെറ്റുതിരുത്തുന്നത് – സംബന്ധിച്ച്.**

ഈ വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷയിൽ പങ്കെടുക്കുന്ന സ്കൂൾ വിദ്യാർത്ഥികളുടെ വിവരങ്ങൾ സമ്പൂർണ്ണ വഴി ശേഖരിച്ചത് പരീക്ഷാഭവന്റെ വെബ് സർവറിൽ ഉടൻ തന്നെ അപ്‌ലോഡ് ചെയ്യുന്നതാണ്. നൽകിയിരിക്കുന്ന ലിസ്റ്റിൽ തിരുത്തലുകൾ വരുത്തുന്നതിനും വിവരങ്ങൾ പുതുതായി കൂട്ടിച്ചേർക്കുന്നതിനും, നീക്കം ചെയ്യുന്നതിനും ഉള്ള അവസരം ഒരിക്കൽ കൂടി നൽകുകയാണ്. ആയതിനാൽ എല്ലാ ഹെഡ്മാസ്റ്റർമാരും താഴെക്കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ സമയബന്ധിതമായി പാലിക്കേണ്ടതാണ്.

1. 20.11.2013 മുതൽ പരീക്ഷാഭവന്റെ വെബ്സൈറ്റിൽ നിന്നും Link Click ചെയ്തോ, **www.bpekerala/sslc-2014** എന്ന URL നൽകിയോ ഓരോ സ്കൂളിൽ നിന്നും രജിസ്റ്റർ ചെയ്ത എല്ലാകുട്ടികളുടെയും വിവരം ഉൾപ്പെട്ടിട്ടുണ്ടെന്ന് ഹെഡ്മാസ്റ്റർമാർ ഉറപ്പു വരുത്തേണ്ടതാണ്. പേരിലോ, മറ്റ് വിവരങ്ങളിലോ ആവർത്തനമോ വിട്ടു പോകലോ വന്നിട്ടുണ്ടെങ്കിൽ ആ മാറ്റം വരുത്താവുന്നതും **ഫോട്ടോ അപ്‌ലോഡ്** ചെയ്തതിൽ അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കാവുന്നതും വിട്ടുപോയ കുട്ടികളെ ചേർക്കാവുന്നതും നീക്കം ചെയ്യാവുന്നതുമാണ്.

2. ഇനി മുതൽ പരീക്ഷാഭവന്റെ സൈറ്റിൽ വരുത്തുന്ന മാറ്റങ്ങൾ 'സമ്പൂർണ്ണ'യിൽ പ്രതിഫലിക്കാത്തതിനാൽ, TC നൽകൽ മുതലായ ആവശ്യങ്ങൾക്ക് വേണ്ടി സമ്പൂർണ്ണയിലും പ്രസ്തുത മാറ്റങ്ങൾ വരുത്തേണ്ടതാണ്.

3. 02.12.2013 മുതൽ 'A' List ന്റെ മാതൃകയിൽ (രജിസ്റ്റർ നമ്പർ ചേർക്കാതെ) കുട്ടികളുടെ വിവരങ്ങൾ ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്ത് പരിശോധിക്കാവുന്നതും ആവശ്യമെങ്കിൽ വീണ്ടും മാറ്റം വരുത്താവുന്നതുമാണ്.

4. ഓരോ ഹെഡ്മാസ്റ്ററും **13.12.2013** ന് മുമ്പായി 'A' List വിവരം Confirm ചെയ്ത് Lock ചെയ്യേണ്ടതാണ്.

5. 16.12.2013 മുതൽ രജിസ്റ്റർ നമ്പരോട് കൂടിയ 'A' List down load ചെയ്യേണ്ടതും, തെറ്റുണ്ടെങ്കിൽ വീണ്ടും തിരുത്തുന്നതിന് വേണ്ടി, School Code, Contact Number of HM, Register Number of Candidate എന്നിവ **pareekshabhavan.itcell@gmail.com** എന്ന ID യിലേയ്ക്ക് mail ചെയ്യേണ്ടതുമാണ്. ഇപ്രകാരം ലഭിക്കുന്ന e-mail ൻ മേൽ 1 ദിവസത്തേക്ക് മാത്രം ആ കുട്ടിയുടെ വിവരം Unlock ചെയ്യുന്നതാണ്. അതാത് ഹെഡ്മാസ്റ്റർമാർ ആ മാറ്റം വരുത്തി വീണ്ടും 'confirm' ചെയ്ത് lock ചെയ്യേണ്ടതുമാണ്.

6. എല്ലാവിധ തിരുത്തലുകളും ഇപ്രകാരം **20.12.2013** ന് മുമ്പായി വരുത്തേണ്ടതാണ്. ഈ തീയതിക്ക് ശേഷം യാതൊരുവിധ തിരുത്തലുകളും അനുവദിക്കുന്നതല്ല. ഇതിനുശേഷവും സ്കൂൾ അഡ്മിഷൻ രജിസ്റ്ററിൽ നിന്നും വ്യത്യസ്തമായി തിരുത്തൽ വേണ്ടി വന്നാൽ ബന്ധപ്പെട്ട ക്ലാസ് ടീച്ചറും ഹെഡ്മാസ്റ്ററും തുല്യ ഉത്തരവാദികളായിരിക്കുന്നതാണ്.

7. 31.12.2013 ന് 4 മണിക്ക് മുമ്പായി 'A' List ന്റെ Printout എടുത്ത് അതിൽ " എല്ലാ വിവരങ്ങളും Admission Register പ്രകാരം ഒത്തു നോക്കി ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു" എന്ന സാക്ഷ്യപത്രം എഴുതി ഹെഡ്മാസ്റ്റർ ഒപ്പിട്ട് അതാത് DEO യിൽ ഏൽപ്പിക്കേണ്ടതാണ്.

**സെക്രട്ടറി**
**പരീക്ഷാഭവൻ**
**പൂജപ്പുര**